മഹാത്മാഗാന്ധി സർവകലാശാല
പ്രിയദർശിനി ഹിൽസ് പി.ഒ. കോട്ടയം, കേരളം – 686 560
(കേരള സംസ്ഥാന നിയമസഭയുടെ 1985 ഏപ്രിൽ 17ലെ 3431/ലെജി. സി1/85/നിയമം നമ്പർ വിജ്ഞാപനപ്രകാരം സ്ഥാപിതമായത്)

നമ്പർ. 77411/CONTENT.MGMT 2/2020/CMS　　　　തീയതി: 18.12.2020

പ്രേഷകൻ

രജിസ്ട്രാർ

സ്വീകർത്താവ്

പ്രിൻസിപ്പൽമാർ/ വകുപ്പ് മേധാവികൾ,
യൂണിവേഴ്സിറ്റിയുടെ എല്ലാ അഫിലിയേറ്റഡ് കോളേജുകൾക്കും/
പഠന വകുപ്പുകൾക്കും/അക്കാഡമിക് സെൻററുകൾക്കും/ഗവേഷണ കേന്ദ്രങ്ങൾക്കും.

സർ/മാഡം

വിഷയം:- സർവകലാശാല വാർഷിക റിപ്പോർട്ട് 2020 - വിവരശേഖരണം - സംബന്ധിച്ച്:-

1. മഹാത്മാഗാന്ധി സർവകലാശാല സ്റ്റാറ്റ്യൂട്ട് 1997 അദ്ധ്യായം 6, പരിഛേദം 11 (5), (6) & സർവകലാശാല ആക്ട് 1985 വകുപ്പ് 51 എന്നിവയനുസരിച്ച് സർവകലാശാലയുടെ വാർഷിക റിപ്പോർട്ട് സിൻഡിക്കേറ്റിലും, സെനറ്റിലും സമർപ്പിച്ച് അംഗീകാരം നേടേണ്ടതായിട്ടുണ്ട്.

2. വിവിധ സർക്കാർ സ്ഥാപനങ്ങളിലും, നാക് പോലുള്ള അക്രഡിറ്റേഷൻ ഏജൻസികളും താങ്കളുടെ ഡിപ്പാർട്ടമെൻറ്/സെൻറർ/കോളേജിൻറെ പ്രവർത്തനമികവ് വിലയിരുത്തുന്നത് വാർഷിക റിപ്പോർട്ടിൻറെ അടിസ്ഥാനത്തിൽ ആണ്.

3. 2020 ജനുവരി 1 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലെ താങ്കളുടെ ഡിപ്പാർട്ട്മെൻറ്/സെൻറർ/കോളേജിൻറെ വ്യക്തവും, സംക്ഷിപ്തവുമായ റിപ്പോർട്ട് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്ന മാതൃകയിൽ മലയാളത്തിൽ തന്നെ നൽകേണ്ടതാണ്. ഇതിൽ പ്രധാനപ്പെട്ട പരിപാടികളുടെ ഫോട്ടോ കൂടി ഉൾപ്പെടുത്താവുന്നതാണ്.

4. വിവരങ്ങൾ വേർഡ് (MS Word/doc) ഫോർമാറ്റിൽ 500 വാക്കിൽ കവിയാതെ നൽകേണ്ടതാണ്.

5. താങ്കളുടെ സ്ഥാപനത്തിൽ നിന്നുള്ള റിപ്പോർട്ട് mguannualreport2020@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ 05.01.2021-ന് മുൻപായി സമർപ്പിക്കേണ്ടതാണ്.

6. നിശ്ചിത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാത്തപക്ഷം താങ്കളുടെ സ്ഥാപനത്തിൻറെ വിവരങ്ങൾ ഒഴിവാക്കി വാർഷിക റിപ്പോർട്ട്-2020 തയ്യാറാക്കുന്നതാണ്.

വിശ്വസ്തതയോടെ

ഡോ.പ്രകാശ് കുമാർ .ബി
രജിസ്ട്രാർ

അന്വേഷണം : 0481 - 2731020, 2733300
രജിസ്ട്രാർ : 0481 - 2731007
mgu@mgu.ac.in
registrar@mgu.ac.in
www.mgu.ac.in

Draft #1 of File 77411/CONTENT.MGMT 2/2020/CMS Approved by Registrar on 18-Dec-2020 02:37 PM - Page 1
മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

പകർപ്പ്

എല്ലാ പഠനവകുപ്പുകൾക്കും, സെൻററുകളും, അഫിലിയേറ്റഡ് കോളേജുകളും, ഗവേഷണ കേന്ദ്രങ്ങൾക്കും

ഉള്ളടക്കം:

ഫോമുകൾ (3 തരം)

Draft #1 of File 77411/CONTENT.MGMT 2/2020/CMS Approved by Registrar on 18-Dec-2020 02:37 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം